പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.307 | 17.10.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഭക്ഷണശാലകളിലെ ശുചിത്വം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.വി. അബ്ദുറഹിമാൻ<br>,, കെ. ദാസൻ** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ഭക്ഷണശാലകളിലും ബേക്കറികളിലും വലിയൊരു വിഭാഗം ശുചിത്വം പുലർത്താത്തവയും അവയിലൂടെ വിൽക്കുന്ന ആഹാര സാധനങ്ങൾ ഗുണനിലവാരമില്ലാത്തതോ പഴകിയതോ മായം കലർന്നതോ ആണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഭക്ഷണശാലകളിലും ബേക്കറികളിലും ഫുഡ് സേഫ്റ്റി ഓഫീസർമാർ പരിശോധന നടത്തുമ്പോൾ ചിലയിടങ്ങളിൽ ശുചിത്വ നിലവാരം കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് പരിശോധനയ്ക്കെടുക്കുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകളുടെ ലാബ് പരിശോധനയിൽ നിശ്ചിത നിലവാരമില്ലാത്തവയും കൃത്രിമ രാസവസ്തുക്കളും അനുവദനീയമല്ലാത്ത കളറുകളും അടങ്ങിയവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കേസുകളിൽ ഭക്ഷ്യസുരക്ഷാ നിലവാരനിയമമനുസരിച്ച് പ്രോസിക്യൂഷൻ അടക്കമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന് കർശന നിർദ്ദേശം നൽകുമോ; വകുപ്പിന്റെ ഇടപെടലുകൾ അവലോകനം ചെയ്യാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) | ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ആഹാര വസ്തുക്കൾ ഉൽപ്പാദിപ്പിക്കുകയും വിൽപ്പന നടത്തുന്നതുമായ സ്ഥാപനങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് കർശന നടപടികളാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ സ്പെഷ്യൽ സ്ക്വാഡുകൾ എല്ലാ ജില്ലകളിലും പരിശോധനകൾ മുറയ്ക്ക് നടത്തുന്നുണ്ട്. ശുചിത്വ നിലവാരം ഉറപ്പാക്കുന്നതിന് സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസുകൾ നൽകുന്നുണ്ട്. തുടർ പരിശോധനകളിൽ നോട്ടീസ് നൽകിയ സ്ഥാപനങ്ങൾ നിർദ്ദേശങ്ങൾ ലംഘിച്ചതായി കണ്ടെത്തിയാൽ പിഴ നൽകുകയും ഗുരുതരമായ കുറ്റകൃത്യങ്ങൾ കണ്ടെത്തിയാൽ സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കി സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയുമാണ് പതിവ്. ഇത്തരം കേസുകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നു എന്ന് ഉറപ്പുവരുത്തിയതിനു |

| | | | |
|---|---|---|---|
| | | | ശേഷം മാത്രമേ ഇത്തരം സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ അനുവദിക്കുകയുള്ളൂ.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2121 സ്ഥാപനങ്ങൾ പരിശോധിക്കുകയും 54,05,500/- രൂപ ഫൈൻ ഈടാക്കുകയും ഗുരുതര മായ ലംഘനങ്ങൾ കണ്ടെത്തിയ 19 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തി വയ്പ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എല്ലാ മാസവും അതാത് ജില്ലകളിലെ അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ നേതൃത്വത്തിൽ ജില്ലാതല അവലോകന മീറ്റിംഗുകൾ നടന്നു വരുന്നു. ഇത്തരം മീറ്റിംഗുകളിൽ ഭക്ഷ്യസുരക്ഷയുമായി ബന്ധ പ്പെട്ട് കർശന നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശ ങ്ങൾ നൽകി വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണർ ജില്ലാതല ഓഫീസർമാരു ടെയും ഫുഡ് അനലിസ്റ്റുമാരുടെയും അവലോകന മീറ്റിംഗുകളും നടത്തുന്നുണ്ട്. |
| സി) | നിലവിൽ ഭക്ഷ്യ ഉല്പാദന-വില്പന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെല്ലാം രജിസ്ട്രേഷ നോ ലൈസൻസോ ഉണ്ടോ; ഇത് ഉറപ്പു വരുത്തുന്നതിനായി സ്വീകരി ച്ചിട്ടുള്ള നടപടികൾ അറിയിക്കാ മോ? | സി) | ഭക്ഷ്യസുരക്ഷാ ഗുണ നിലവാര നിയമത്തിലെ ലൈസൻസിംഗ് രജിസ്ട്രേഷൻ റെഗുലേഷൻ പ്രകാരം ഭക്ഷ്യ ഉൽപ്പാദന വിൽപ്പന മേഖലയിൽ 12 ലക്ഷം രൂപ വരെ വാർഷിക വരുമാനം ഉള്ളവർക്ക് രജിസ്ട്രേ ഷനും 12 ലക്ഷത്തിന് മുകളിൽ വാർഷിക വിറ്റു വരു മാനം ഉള്ളവർക്ക് ലൈസൻസും ഏർപ്പെടുത്തിയിട്ടു ണ്ട്.<br>ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ ഭക്ഷ്യ ഉൽപ്പാദനമോ വിൽപ്പനയോ നടത്തുന്നത് 6 മാസം വരെ തടവും 5 ലക്ഷം രൂപ പിഴയും ഈടാക്കാവുന്ന ക്രിമിനൽ കുറ്റമാണ്.<br><br>സംസ്ഥാനത്ത് ലൈസൻസും രജിസ്ട്രേഷനും നേടുന്നതിന് FLRS (Food Licensing & Registration System)എന്ന ഓൺലൈൻ സംവി ധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ അക്ഷ യകേന്ദ്രങ്ങളിൽ കൂടിയോ സ്വന്തം രീതിയിലോ ലൈസൻസോ രജിസ്ട്രേഷനോ നേടാവുന്ന താണ്. നാളിതുവരെ 56784 ലൈസൻസും 251781 രജി സ്ട്രേഷനും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ